

**മത്സ്യം ചോദ്യം ഉത്തരം**

ഡോ. പി.എ. വികാസ്
സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ,
കൊച്ചി. ഇ മെയിൽ: kvkernakulam@yahoo.co.in



# തിരുതക്കൃഷി എപ്പോൾ

*? തിരുതക്കൃഷി എപ്പോൾ തുടങ്ങാം. എങ്ങനെയാണ് ചെയ്യേണ്ടത്. വളർച്ച ത്തോത് എങ്ങനെ.*

• തിരുതയെ കൃത്രിമ പ്രജനനം വഴി കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ കേന്ദ്ര ഓരുജലഗവേഷണസ്ഥാപനം(സിബ,ചെന്നൈ) വികസിപ്പിച്ചെടുത്തിട്ടുണ്ട്. എങ്കിലും വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി കടലിൽനിന്നു പിടിച്ചെടുക്കുന്ന കുഞ്ഞുങ്ങളെ ഉപയോഗിച്ചാണ്. ഇത്തരത്തിൽ കേരളത്തിൽ തിരുതക്കുഞ്ഞുങ്ങളെ ലഭിക്കുന്നത് ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ വൈപ്പിൻ, ചെന്ത്രാപ്പിന്നി, വലപ്പാട്, പെരിഞ്ഞനം, തൃപ്രയാർ, അന്ധകാരനഴി തുടങ്ങിയ തീരപ്രദേശങ്ങളിൽ നിന്നാണ്. നവംബർ, ഡിസംബർ മാസങ്ങളിൽ ആന്ധ്രാപ്രദേശിൽ ലഭ്യമാണ്.

ആന്ധ്രാപ്രദേശിൽനിന്ന് ഇടനിലക്കാർ കൊണ്ടുവരുന്ന കുഞ്ഞുങ്ങളിൽ തിരുതയോടൊപ്പം മറ്റ് ഇനങ്ങളെയും കലർത്തി കർഷകരെ കബളിപ്പിക്കുന്നതായി കണ്ടിട്ടുണ്ട്. അതുകൊണ്ട് തിരുതയാണെന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രമേ കുഞ്ഞുങ്ങളെ വാങ്ങാവൂ. ഓരുജലാശയങ്ങളിലാണ് ഇവയെ വളർത്താൻ കഴിയുക. വെള്ളത്തിൽ ഉപ്പിന്റെ അളവ് 5 പിപിറ്റി എങ്കിലും ഉണ്ടായിരിക്കണം. കൂടാതെ, വെള്ളത്തിന്റെ ആഴം 3 അടിയെങ്കിലും വേണം. തിരിത്തീറ്റ നൽകി വേണം വളർത്താൻ. ഒരു വർഷത്തെ പരിപാലനം കൊണ്ട് ശരാശരി 500 ഗ്രാം വരെ തൂക്കം വയ്ക്കും.

## മുഷിയെ വളർത്താമോ

*? ആഫ്രിക്കൻ മുഷിയെ വളർത്തുന്നതിനു നിയമപരമായി അനുമതിയുണ്ടോ.*

• ഇല്ല. ക്ലാരിയസ് ഗാരിപ്പിനെയസ് എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ആഫ്രിക്കൻ മുഷിയെ വളർത്തുന്നതിനു നിയമപരമായി അനുമതിയില്ല.

മത്സ്യക്കൃഷിയിലെ സംശയങ്ങൾ അയയ്ക്കേണ്ട വിലാസം:

പത്രാധിപർ,
കർഷകശ്രീ,
മലയാള മനോരമ,
കോട്ടയം 1.
ഇ മെയിൽ:
karsha@mm.co.in